# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara, Thiruvananthapuram- 695028

www.pmscollege.ac.in



# NEW Awakening

2019-2021

# National Pledge of India

India is my country
All Indians are my brothers and sisters.
I love my country and
I am proud of its rich and varied heritage.
I shall always strive to be worthy of it.
I shall give my parents, teachers and all elders; respect,
and treat everyone with courtesy.
To my country and my people, I pledge my devotion.
In their well being and prosperity alone, lies my happiness.
Jai Hind !



# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in

# NEW Awakening

2019-2021



## A VISION REALISED

The grace of God Almighty is best reflected
in parents with integrity and children who
strive hard to realize their dreams.
The late **SRI. P. M. SHAHUL HAMEED** (1920-1995)
was a parent who strived hard to give
his children the best gift in life,
quality education, at a time when few
realised the wonders that education
could work in the lives of men and women.
The PMS College of Dental Science and Research
is a monument to the memory
of that visionary soul

**Dr.P.S.THAHA**
Chairman
PMS COLLEGE OF
DENTAL SCIENCE & RESEARCH



## CHAIRMAN'S MESSAGE

The vision of PMS CDSR is to produce dental professionals with acme expertise, dedication and social commitment. This is seen reflected in the college magazine. Publishing college magazine is an act of joining the noble academic tradition. The readers of the magazine would very well feel the pulse of the campus life.

The growth of PMS CDSR from the first self-financing college in 2002 to a research center of Ph.D and other major studies is the result of keen dedication and hard work by our team of professionals, students and staff. The college is also the first NAAC accredited Dental College in Kerala. Our students now have smart class rooms with lab attached facilities, (CLAB)chances to interest with International faculties and expose to leading institutions of the world. For this PMS organized International Faculty Week in the College, signed MOU with foreign Universities like Rutgers University, USA for students and faculty exchange program. Overall the campus is provided with excellent accommodation and other infrastructure facilities. Our students excelled in University examinations and stood first in both cultural programmes  sports and games. The PMS is the first to introduce online theory classes to students in the wake of pandemic Covid 19.

The green campus of PMS is nostalgia for those loving their alma mater. I appreciate teachers and students behind the production of this college magazine and believe that this endeavour really makes an added effort to our mission of producing global dentists of tomorrow.

**Chairman**

**Dr Rajesh Pillai**
Principal
PMS COLLEGE OF
DENTAL SCIENCE & RESEARCH



## PRINCIPAL'S MESSAGE

It gives me immense pleasure to know that the college magazine for the year 2021-2022 is being released and from the bottom of my heart ,I whole heartedly congratulate the editorial team, faculties and students for their efforts in making it possible. It was a herculean task which was undertaken by the editorial team in the successful launch of this new edition.

Regards
**Dr Rajesh Pillai**

# PMS COLLEGE OF DENTAL SCIENCE & RESEARCH

Institutional social responsibility activities in the neighbourhood community in terms of education, environmental issues like Swatch Bharath, health and hygiene awareness and socioeconomic development issues carried out by the students and staffs during the last five years. Social commitment is an integral part of the vision of PMS College of Dental Sciences and Research. The college organizes and participates in various extension activities with a dual objective of sensitizing the students about various social issues and to contribute to community.

Various Departments organized many extension and outreach programs through organizations like National Service Scheme. Faculty and students actively participated in television programs and Radio talk shows to create oral health awareness and discuss related social issues. There were 550 extension and outreach activities conducted by our college during the year 2016-2021.

Days of social relevance like World Hepatitis Day, World Aids Day, international Women's Day, Dentist Day, World Environment Day, Teachers' Day, International Day of Persons with Disabilities, No tobacco day, International day for elderly, National tooth brushing day etc were celebrated in the institution. A Green Audit was conducted on 23/12/2020 by Nature's Green Guardian Foundation. Snehathalam is a prestigious outreach program for cancer screening conducted by Swasthy foundation in association with our institution and Regional Cancer Centre. Breast cancer awareness month with screening programme was conducted.

We have a tobacco cessation clinic in the college and many tobacco cessation programmes were organized for creating awareness. College has organized many school and community dental camps and awareness programmes. Dental camps for marginalized sections of society such as tribals, coastal areas, old age homes, psychosocial rehabilitation centres, orphanages, institute for mentally challenged, visually impaired, migrant workers and transgenders, are just a few of the other extension activities. Blood donation forum of the college organized blood donation camps where students and staff actively participate.

The management, faculty and students responded to natural disasters and other issues by generously contributing to relief fund. The college donated Rs 10 Lakhs to Chief Minister's Relief Fund on 20/8/2018, Rs 5 Lakhs to Chief Minister's disaster fund on 29/12/2017, 40 ICU beds to Trivan drum Medical College during Covid Pandemic 3/10/2021, I Lakh Free Face Mask For Police on 2/7/2020, provided finan cial assistance to a student suffering from a rare disease and facing liquidation of her property on 23/8/2018, Rs 50,000 to Chief Minister's Distress Relief Fund on 12/9/2018, Rs 49,999 to Chief Ministers Relief Fund on 24/07/2020, Gover nment of Assam, contributed to various funds like Armed Forces Flag Day Fund, Kerala State Child Welfare stamps fund, sponsoring of the education of underprivileged students from the local schools and also provided study materials to children of staffs of our college.

The extension activities enhance the students' academic learning experiences, promote integrity, accounta bility, inculcate social values and soft skills. They learn to think beyond their individual interests and apply the theore tical knowledge for the benefit of the society. Teamwork, leadership skills, time management, effective communication and decision-making skills are a few things that students learn while participating and organizing various extension activities.

The College strives to instill social values in the young minds of students through extension and outreach activities thereby grooming them into socially responsible citizens for their holistic development and integrated learning.




DONATING 1 LAKH FREE FACE MASK TO POLICE OFFICERS
DURING COVID PANDEMIC ON 2/7/2020




DONATING RS 5 LAKHS TO CHIEF MINISTER'S DISASTER FUND ON 29/12/2017


കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പിഎംഎസ് ഡെന്റൽ കോളജ് ചെയർമാൻ ഡോ. പി. എസ്. താഹ തിരുവനന്തപുരം മെഡിക്കൽ കോളജിന് സംഭാവന ചെയ്ത 40 ഐസിയു ബെഡുകൾ മന്ത്രി വീണ ജോർജ് സ്വീകരിക്കുന്നു. ആരോഗ്യ സെക്രട്ടറി ഡോ. ആശ തോമസ്, മെഡിക്കൽ കോളജ് അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ഡോ. ജോൺ പണിക്കർ, ഡോ. തോമസ് മാത്യു, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ് എന്നിവർ സമീപം.

MALAYALA MANORAMA · 4/10/21

DONATING 40 1CU BEDS TO TRIVANDRUM MEDICAL COLLEGE DURING
COVID 19 PANDEMIC NEWS PAPER- MALAYALA MANORAMA , 04/10/2021



OUR ACADEMIC FACULTY WITH CHAIRMAN Dr. P.S. THAHA

# ANTIRAGGING AWARENESS PROGRAMME
















# BASIC LIFE SUPPORT TRAINING







## PMS CHARITY FREE DISTRIBUTION OF EDUCATIONAL MATERIALS AT KOTTOOR TRIBAL AREA












# SPORTS & GAMES CHAKRAVYUH 2019














# CONVOCATION DAY 2019























# CONVOCATION DAY 2019












# DENTIST DAY 2019













# POST GRADUATE INDUCTION CEREMONY 2019







# POST GRADUATE INDUCTION CEREMONY 2019









# UNDERGRADUATE INDUCTION CEREMONY 2019-20









# NO TOBACCO DAY 2019























# ONAM CELEBRATIONS 2019








# ONAM CELEBRATIONS 2019







# WOMENS DAY PROGRAMME 2019























# WORLD CANCER DAY 2019











**HAJERAH A**
[2nd year]
2019 Batch


# സൈലോസൈബിൻ

ഇരുട്ട് പടർന്ന് തുടങ്ങി. നേരത്തെ ക്വാർട്ടേഴ്സിൽ എത്തണം. ഓരോ വർഷവും ഓരോ നാട്ടിലാണ് ജോലി. ഇത്തവണ പറിച്ചുനട്ടത് കാട്ടിനകത്ത് ഒരു ഗുദാമിൽ. ഹരി ആക്സിലേറ്റർ മെല്ലെ ചവിട്ടി. കാർ ഇരുട്ടിനേയും പിന്നിലാക്കികൊണ്ട് മുന്നോട്ട് നീങ്ങി. റേഡിയോയിൽ പണ്ടത്തെ ഒരു ഹിന്ദി ഗാനം കേൾക്കുന്നുണ്ട്. അയാൾ ഗ്ലാസ് താഴ്ത്തി പുറത്തേക്ക് നോക്കി. ചുറ്റിലും മതിലു തീർത്ത് നിൽക്കുന്ന മരങ്ങൾ. ആ മതിലിനപ്പുറം എന്തോ ഇരുട്ടിൽ മറയ്ക്കുന്ന പോലെ അയാൾക്ക് തോന്നി. കാർ ഒരു വളവ് തിരിഞ്ഞു കയറി. ഒരു കയ്യിൽ സ്റ്റിയറിങ്ങ് നിയന്ത്രണത്തിലാക്കി അയാൾ പോക്കറ്റിൽ നിന്നും ഫോൺ എടുത്തു. രണ്ട് മിസ്സ്ഡ് കാൾ, അമ്മ ഉച്ചയ്ക്ക് വിളിച്ചിരുന്നതല്ലേ, പിന്നെ എന്താ വീണ്ടും, അയാൾ പച്ച ബട്ടൺ അമർത്തി ഫോൺ ചെവിയോട് ചേർത്തു. മറുതലയ്ക്കൽ അമ്മ ഫോൺ എടുത്തു."ആഹ് അമ്മേ...." പെട്ടെന്ന് എന്തോ ഒന്ന് കാറിൽ ഇടിച്ചു. സ്റ്റിയറിങ്ങിൽ നിന്നും കൈ തെന്നി ഫോൺ തെറിച്ചു. അയാൾ ബ്രേക്കിൽ ആഞ്ഞു ചവിട്ടി. കാർ കറങ്ങി റോഡരികിലായ് നിന്നു. അയാൾ ശ്വാസം വലിച്ചെടുത്തു. ഒരു നിമിഷം തല സ്റ്റിയറിങ്ങിൽ അമർത്തി

അയാൾ കിടന്നു. എന്താണ് സംഭവിച്ചത് അയാൾ പുറത്തേയ്ക്ക് നോക്കി. എന്തോ ഒന്ന് വണ്ടിയിലിടിച്ചു. അവിടെ എന്തോ അനങ്ങുന്നുണ്ട്. അയാൾ കാറിൽ നിന്നുമിറങ്ങി അതിനു നേർക്കായ് നടന്നു. ഒരു പുള്ളിമാൻ ചോരയൊലിക്കുന്നുണ്ട്. അയാൾ തിരികെ കാറിലേക്ക് ഓടി ഫസ്റ്റ് എയ്ഡ് ബോക്സ് തപ്പിയെടുത്തു. പഞ്ഞി അവിടെ അമർത്തി പിടിച്ചു, ചെറിയൊരു അനക്കം പിന്നിൽ പേടിച്ചരണ്ടയാൾ പിന്നിലേക്ക് നോക്കി ഒരു കുഞ്ഞ് പുള്ളിമാൻ ഇതിന്റെ കുഞ്ഞായിരിക്കും. അയാൾ നിശ്വസിച്ചു. അപ്പോൾ ദൂരെ നിന്നുമൊരു വെളിച്ചം കണ്ടു. ഏതോ വണ്ടിയാണ്. അതടുത്തെത്തി, ഒരു ജീപ്പാണ്; അതിൽ നിന്നും ഒരാൾ പുറത്തിറങ്ങി : നല്ല ഉയരം ഒരു ഷാൾ കഴുത്തിൽ ചുറ്റിയിട്ടുണ്ട്. ബൂട്ടിട്ട കാലുകൾ “(എന്നാച്ച് സാർ)” അയാൾ ചോദിച്ചു. ഹരി എഴുന്നേറ്റു, അത്....അത്.... ഞാൻ ക്വാർട്ടേർസിലേക്ക് തിരിച്ച് പോവായിരുന്നു അപ്പോഴാണ് ഇത് മുന്നിൽ ചാടിയത്. ജീവനുണ്ട് ഇവിടെ അടുത്തേതെങ്കിലും മൃഗാശുപത്രിയുണ്ടെങ്കിൽ അവിടെ ഏൽപിക്കണം. രക്തം ഒരുപാട് പോവുന്നുണ്ട്, ഹരി ചെറിയ പതർച്ചയോടെ പറഞ്ഞു നിർത്തി. അയാൾ ഹരിയെ സൂക്ഷ്മമായി നോക്കി പറവായില്ല മാട് താനേ.... നാൻ പാക്കട്ടും തള്ളി ങ്കേ ഇത്രയും പറഞ്ഞയാൾ കാറിനടുത്തേക്ക് നടന്നു.

ഹരി പതിയെ ഫോൺ എടുത്ത് പുറകിലേയ്ക്ക് നടന്നു. അമ്മയെ വിളിച്ചു കാര്യമെല്ലാം പറഞ്ഞു. തിരികെ നടക്കവെ ഹരി ജീപ്പിനുള്ളിലേക്ക് നോക്കി, മറ്റാരും കൂടെയില്ല, ജീപ്പിന്റെ പുറകിൽ എന്തൊക്കെയോ കിടക്കുന്നുണ്ട് പെട്ടെന്ന് ഒരു മാനിന്റെ തല അയാളുടെ ശ്രദ്ധയിൽപെട്ടു. അതിനരികിലായ് പണിയായുധങ്ങൾക്കിടയിൽ ഒരു തോക്ക്, ഹരി പരിഭ്രമിച്ചു. എന്ത് ചെയ്യണമെന്നറിയാതെ ഹരി അയാളിലേക്ക് നടന്നു. ബൂട്ടിട്ടയാൾ ഹരിയെ നോക്കി, “ഇതിന്റെ കുഞ്ഞിനെ ഫോറസ്റ്റിലേൽപ്പിക്കണം ഇവിടെ അടുത്ത് മൃഗാശുപത്രി ഏതെങ്കിലുമുണ്ടോ ?” ഹരി ചോദിച്ചു. “നീങ്ക ടെൻഷൻ ആവാതിങ്ക സാർ നാൻ ഇറക്കേലെയാ. നീങ്കൾക്കെതാവത് അടിപെട്ടയാ...” ഹരി ഇല്ലന്ന് തലയാട്ടി ബൂട്ടിട്ടയാൾ ഫോണെടുത്തു ചെവിയിലേക്കടുപ്പിച്ചു മുന്നോട്ട് നടന്നു. ആ കുഞ്ഞു പുള്ളിമാൻ അമ്മ മാനിനോട് ചേർന്നിരുന്നു. രക്തം ഒരു പാട് പോകുന്നുണ്ട്. ഹരി മുറിവുകളിലേയ്ക്ക് ഒന്നൂടെ സൂക്ഷിച്ച് നോക്കി പതുക്കെ കൈകൾ അവിടെ അമർത്തി, ഇപ്പോൾ എന്തോ തടയുന്ന പോലെ ഒരു ബുള്ളറ്റ് ! ഇത്....ഇത് എന്റെ വണ്ടി മാത്രം ഇടിച്ചുണ്ടായ മുറിവുകളല്ല എന്നോടൊപ്പമുള്ള ബൂട്ടിട്ടയാളാണ് ഇതിനു പിന്നിൽ പേടി അയാളുടെ ശിരസിലേക്ക് ഇരച്ചുകയറി എന്തു ചെയ്യണമെന്നറിയാതെ അയാൾ ചുറ്റിലും നോക്കി ഇരുവശങ്ങളിലും മതിലു തീർത്തു നിന്ന മരങ്ങൾ ഹരിക്ക് കൊലയാളികളാണെന്ന തോന്നി. പെട്ടെന്ന് ദൂരെ നിന്നും മറ്റൊരു കാർ വരുന്നത് ഹരി കണ്ടു. ഹരി റോഡിന്റെ മധ്യത്തിൽ കയറി നിന്നു കൈ വീശി. കാർ നിർത്തി അതിൽ നിന്നും അല്പം പ്രായമായൊരാൾ പുറത്തിറങ്ങി, അയാളൊരു ആർമി ഓഫീസറാണെന്ന് കാറിലെ സിമ്പലിൽ നിന്നും ഹരി മനസിലാക്കി. ഹരി നടന്നതെല്ലാം ഒറ്റ ശ്വാസത്തിൽ ആർമി ഓഫീസറിനോട് പറഞ്ഞു. ബൂട്ടിട്ടയാൾ അവർക്കരികിലെത്തി. മാനിനെ ഫോറസ്റ്റിലേൽപ്പിക്കണം ഹരി തീർച്ചയാക്കി. ബൂട്ടിട്ടയാൾ ആർമി ഓഫീസറിനെ നോക്കി. മാനുകളെ തന്റെ ജീപ്പിൽ കയറ്റാമെന്നയാൾ പറഞ്ഞു. പക്ഷേ ഹരി എതിർത്തു. ഹരി മാനുകളെ ആർമി ഓഫീസറിന്റെ കാറിലേക്ക് എടുത്ത് കൊണ്ട് ബാക്ക് സീറ്റിൽ കയറ്റി.“എന്നാൽ നമ്മൾ പുറകെ വരാം, ഇയാൾ മുന്നിൽ പൊക്കോളു”.. ആർമി ഓഫീസർ ബൂട്ടിട്ടയാളോട് പറഞ്ഞു. അയാൾ നേരിയ നീരസത്തോടെ ആർമി ഓഫീസറെ നോക്കി. ജീപ്പ് മുന്നിലും ആർമി ഓഫീസറിന്റെ കാർ പിന്നിലുമായി പുറപ്പെട്ടു. ബൂട്ടിട്ടയാൾ മിററിലൂടെ പുറകിൽ തന്നെ പിന്തുടരുന്ന കാറിനെ ഇടയ്ക്കിടയ്ക്ക് നോക്കി, അയാളുടെ ജീപ്പ് ഒരു ഹെയർ പിൻവളവു തിരിഞ്ഞു കയറി. മുന്നോട്ട് പോകുന്തോറും അയാൾ മിററിൽ നോക്കി. പുറകിൽ ആർമി ഓഫീസറിന്റെ കാർ കാണുന്നില്ല. അയാൾ വണ്ടിയൊതുക്കി നോക്കി പുറകിൽ കാറിന്റെ യാതൊരു സൂചനയുമില്ല. അയാൾ കാർ റിവേർസ് എടുത്ത് പിന്നിലേക്ക് പോയി എന്നിട്ടും ആരെയും കണ്ടില്ല. അയാളുടെ ഉള്ളിൽ നൂറു ചോദ്യങ്ങളുദിച്ചു. അയാൾ അടുത്തുള്ള പോലീസ് സ്റ്റേഷനിലെത്തി നടന്നതെല്ലാം വിവരിച്ചു.

തിരച്ചിൽ തുടങ്ങി, ഇരു വശങ്ങളിലെ കാടുകളിലേയ്ക്കും തിരച്ചിൽ പടർന്നു. പിറ്റന്നു രാവിലെ ഒരു കോൺസ്റ്റബിൾ ബൂട്ടിട്ടയാളെ അയാളുടെ തേയില തോട്ടത്തിൽ നിന്നും വിളിച്ചു വരുത്തി, അയാളെ ഡിബ്രുഗറിലെ വിജനമായ കാട്ടിനുള്ളിലേക്ക് എത്തിച്ചു. അവിടെ മരിച്ച നിലയിൽ ആർമി ഓഫീസറിനെ കണ്ടെത്തി, കുറച്ച് മാറി ഉപേക്ഷിക്കപ്പെട്ട നിലയിൽ അയാളുടെ കാറും. ബുട്ടിട്ടയാൾക്ക് തല കറങ്ങുന്നത് പോലെ തോന്നി, എന്താണുണ്ടായതെന്ന് അയാൾ കോൺസ്റ്റബിളിനോട് ചോദിച്ചു. ഇന്നലെ ഇവിടത്തെ ഡി അഡിക്ഷൻ സെന്ററിൽ നിന്നും ഒരു പേഷ്യന്റിനെ കാണാതായി. അയാളെ തിരക്കിയിറങ്ങിയതാണിയാൾ. ഇയാൾ

അവിടത്തെ ഡോക്ടറാണ്. ആർമിയിൽ നിന്നും റിട്ടയർ ആയതാ. അപ്പോൾ കൂടെയുണ്ടായിരുന്ന അയാൾ?.. അറിയില്ല. ഇതുവരെ കണ്ടു കിട്ടിയില്ല ഇന്നലെ താൻ പറഞ്ഞതുപോലെ, പെട്ടന്ന് ആക്സിഡന്റ് ഉണ്ടായ ഷോക്കിൽ അല്ല അയാൾ അത്രയും കാട്ടിയത്."ഇത് ഡോക്ടർ ലേഖ ശങ്കർ"കോൺസ്റ്റബിൾ പരിചയപ്പെടുത്തി. ഹരി എന്റെ പേഷ്യന്റായിരുന്നു, മാനും അപകടവും എല്ലാം അയാളുടെ സങ്കല്പമാണ്. അവൻ ചിന്തിക്കുന്നതെന്തോ അതാണവൻ. സ്വന്തം ഇച്ഛാശക്തിക്കുമപ്പുറം അവൻ ഏഴു വ്യക്തികളാണ്. കാലത്തിനു മുന്നേ ഓടാനും തിരികെ നടക്കാനും വർത്തമാനകാലത്തിൽ ആത്മാവ് വേർപ്പെട്ട് സ്വതന്ത്രനായ് വിഹരിക്കാനുമവനാകും. പക്ഷേ പട്ടത്തിന്റെ നൂൽ കൈവശം വച്ചപോൾ അവന്റെയുള്ളിലെ ലഹരി തീരുമാനിക്കും തുടരണോ വേണ്ടയോ എന്ന് അവന് അവനെ നഷ്ടമായി. ഇനി തിരക്കണ്ട. അവർ നിരാശയോടെ നടന്നുനീങ്ങി.

തിരികെ അയാളുടെ തേയില തോട്ടത്തിലെത്തി, സൂര്യൻ അണഞ്ഞിരുന്നു. ഇരുട്ട് പടർന്ന് തുടങ്ങി. തേയില ചാക്കുകൾക്കിടയിൽ അയാൾ കിടന്നു. ചാക്കുകളിൽ നിന്നും ചോര ഒലിക്കുന്നതായി അയാൾക്ക് തോന്നി. കത്തി നിന്ന മഞ്ഞ ബൾബുകൾ ഫ്യൂസായി ഇരുട്ട് ആ മുറിയെ വിഴുങ്ങി. ആരോ കടന്നുവന്നു. മുഖമുയർത്താൻ അയാൾക്ക് ശക്തിയുണ്ടായില്ല. തേയിലച്ചാക്കിൽ അയാൾ ഒളിപ്പിച്ച ലഹരി വസ്തുക്കൾക്കിടയിൽ നിന്നും ഒരു പ്രകാശം പരന്നു. അയാളുടെ ചുറ്റും മാജിക്ക് മശ്റൂമുകൾ തിളങ്ങി നിന്നു. എന്നിട്ടും കണ്ണു തുറക്കാൻ അയാൾക്ക് ധൈര്യമുണ്ടായില്ല.

കുറ്റബോധം ഒരു വള്ളിപ്പടർപ്പായി അയാളെ വരിഞ്ഞ് മുറുക്കി. ആത്മാവിനും ശരീരത്തിനുമിടയിലെ ദൂരം അയാൾ ആസ്വദിച്ചു.





ANJIMA. S
2nd year BDS
2019 Batch

# നീ സ്ത്രീയാണ് നിന്റെ കടമയാണ്

എന്റെ നെറുകയിലെ സിന്ദൂരബിംബമേ
നിന്റെ വരവോടുകൂടി ഞാൻ ഏകയായോ
വിവാഹമെന്നൊരാ ചങ്ങലയിൽ ബന്ധിച്ചു
ഉപഹാരമായി എനിക്കെന്തേ ഈ
അടുക്കള പകുത്തു തന്നു
ജീവിതപാതയിൽ ഒരുമിച്ചു
പോകേണ്ട സഖിയേ
നീയെന്തേ എന്നെ മറന്നുപോയോ
സ്വപ്നങ്ങളിൽ ഉള്ള ഒരു ജീവിതം
വേണം എന്ന് ഞാനുറക്കെ കരയവേ
ഇന്നോളമെന്നോട് ചെയ്ത വാക്കുകൾ
ഓരോന്നായി നീ എന്തേ വലിച്ചെറിഞ്ഞു.
സ്ത്രീ ജീവിതം കേവലം തൃണംപോൽ
കരുതുന്ന സംസ്കാരമേ നീ എന്നോ
തോറ്റുപോയി.
നാം രണ്ടിതളുകൾ-ഓരോന്നായി
കൊഴിഞ്ഞു പോകവേ
നിൻ വിരലുകൾ കോർത്തു
നടക്കുവാൻ മോഹിച്ച
തളിരിട്ട മോഹങ്ങൾ ബാക്കിയായ് നിക്കവേ
ഭാരങ്ങളോരോന്നായ് എൻ ചുമലിൽ വച്ചു നീ
ഉത്തമപുരുഷനായ് മാറി നിന്നു
എന്താണ് ജീവിതം എന്ന ചോദ്യത്തിനുത്തരം
'നിന്റെ ജീവിതം മറ്റൊരാൾക്കുള്ളതാണ്,
നീ സ്ത്രീയാണ് നിന്റെ കടമയാണ്".
പറ്റില്ല, എനിക്ക് പറ്റില്ല ഇങ്ങനെ,
ഞാൻ സ്ത്രീയാണ്, പെണ്ണാണ്, അമ്മയുമാണ്,
എനിക്കഭിമാനമാണ് ഈ ജീവിതം.
എന്തിനാ ഇങ്ങനെ വേർതിരിക്കുന്നു എന്നെ,
എന്നുള്ളിലും തുടിക്കുന്നു ജീവൻ,
ഞാനും ശ്വസിക്കുന്നു ജീവവായു.
എന്നവകാശങ്ങളെല്ലാം എനിക്ക് നൽകി,
എനിക്കേകു ജീവിത സ്വാതന്ത്ര്യവും,
പിച്ചി ചീന്താതിരിക്കട്ടെ ഒരാത്മാവിനെയും ഇനി.



**SNEHA JYOTHI JEROME**
Second Year BDS

ഇരുട്ടുപാകിയ മുറിയിൽ വെയിൽ വന്ന് വീഴുമ്പോൾ
തുടങ്ങുന്നൊരു ആന്തലുണ്ട്
ഇനിയുമീ നാഴികകളെ എന്തു പറഞ്ഞ്
തള്ളിനീക്കുമെന്നോർത്ത്
ഉള്ളിൽ കോരിയിട്ട തീ ആളുന്നതിനു മുൻപേ
കോമാളിയാവണം
വെന്തുനീറിയ ഉള്ളിൽ ഒരു പിടി ചാരം ബാക്കിവച്ച്
പൊട്ടിച്ചിരിച്ച് ആശ തീർക്കണം
ആശകളാണ്. വെറും ആശകൾ.
ആരും ഉണരുന്നതിനു മുൻപേ മുറ്റത്തെത്തണം
നിന്നെയോർത്ത് ഉള്ളുപൊടിഞ്ഞ് ആകാശത്തെ
നോക്കണം
തിരികെ വന്നിരുന്ന് നെഞ്ചുപൊട്ടുമാറ് കരയണം
ഒരിറ്റു ശബ്ദം പോലും അടരാതെ കാക്കണം
സ്നേഹത്തോടെ നിന്നെ ഞാൻ യാത്രയാക്കാം
കുനിഞ്ഞിരുന്ന് കരഞ്ഞുതീർത്ത മുറിയിലെ
കോണുകളോടുള്ള എന്റെ തീരാഭയം മാറ്റാമെങ്കിൽ,
നിലതെറ്റി ശ്വാസം വരിഞ്ഞുമുറുകിയ എന്റെ വേദനയെ
മരവിപ്പിക്കാമെങ്കിൽ,
തൊണ്ട കീറിമുറിച്ച് പ്രാണൻ പോകും വിധമുള്ള എന്റെ
നിലവിളി ശമിപ്പിക്കാമെങ്കിൽ,
കരഞ്ഞുകലങ്ങി ചുവപ്പുതീർത്ത
എന്റെ കണ്ണുകളോട്
മറുപടി പറയാമെങ്കിൽ,
സ്നേഹത്തോടെ യാത്രയാക്കാം ഞാൻ !
കോറിയിട്ട മുറിപ്പാടുകൾ മാറാൻ (?)
ഇനിയുമുണ്ട് സമയം
അതിനുമുൻപ്.... വീണുടഞ്ഞു പോകുന്നതിനു
മുൻപ്.... ചിലതുണ്ട് ചെയ്യാൻ
നട്ടുനനച്ച് വളർത്തിയ സ്വപ്നങ്ങൾ വെട്ടിമുറിച്ച്
എരിഞ്ഞടങ്ങുന്നത് വരെ കണ്ടുനില്ക്കും
നീ പാടിത്തന്ന കവിതകളിലെ പ്രണയത്തെ വേരോടെ
അറുത്തുമാറ്റും
തിരികെയൊരിക്കലും എന്റെ മനസ്സിലേക്ക്
ചേക്കേറരുതെന്ന് താക്കീത് കൊടുക്കും
ഇടവിടാതെന്നെ വേട്ടയാടുന്ന ഓർമ്മകളെ ഒരു
ഭയവുമില്ലാതെ മറവിയിൽ ക്രൂശിക്കും
നിനക്കിനി പടിയിറങ്ങാം......
ഒന്ന് മാത്രം.
നിഴൽ കൊണ്ടൊരു നിശ്വാസം പോലും ഇനിയിവിടെ
ബാക്കിവക്കരുത്
ചോര ചുട്ടുപൊള്ളിക്കുന്നൊരു ഭ്രമമായി മാത്രം നിന്നെ
ഞാൻ ഓർത്തുകൊള്ളാം




**ARAVIND S**
2016 Batch

# വ്യാഘ്രം

കണ്ടു ഞാൻ അന്നെൻ മുന്നിലാ
ഭീകര വ്യാഘ്രത്തിൻ മിന്നും ഇമകൾ,
മരണം തീണ്ടിയാ നിമിഷം കേട്ടു
ഞാൻ ഘോരമായി മുഴങ്ങുമാ ഗർജ്ജനം
തോക്കിൻ കുഴലിൽ ഉന്നം പിടിച്ചു
കാഞ്ചിമേലെൻവിരൽ,
ഉന്നം പിടിച്ചു ഞാൻ നിൽക്കവേ
കണ്ടു ആ വ്യാഘ്രത്തിൻ രണ്ടു കുഞ്ഞു മക്കൾ
പേടിച്ചരണ്ട ആ കുരുന്നുകൾ രണ്ടും
തൻ അമ്മയെ ചേർന്നൊട്ടി നിന്നു,
വിശപ്പിനാൽ അല്ല ഭയത്തിനാൽ
ആണവൾ രോക്ഷം അതറിഞ്ഞു
അപ്പോൾ ഞാനും മനസ്സിൽ ഒഴുകി വന്നൊരു
ആയിരം ചിന്തകൾ പുലിതോലിനാൽ ലഭിക്കും
പണം-ശീഘ്രം മനസ്സൊന്ന് മാറ്റി ഞാൻ
വേണ്ട ഈ പാതകം നൽകും സൗഭാഗ്യം
മെല്ലെ താഴ്ത്തി ഞാൻ നീട്ടിയ കുഴൽ
പിന്നെ മെല്ലെ പുറകോട്ടു ചുവടു വെച്ചു,
ഓരോ ചുവടിലും രോക്ഷം അകലുന്നാ
അമ്മയിൻ മിഴികളിൽ ഞാൻ കണ്ടു
മറഞ്ഞു അവൾ ആ നിബിഢ
വനത്തിൽ, തൻ കുഞ്ഞുങ്ങളോടുകൂടെ
മനസ്സിൽ നിറഞ്ഞൊരായിരം കുളിർമഴ
ഇനി വേണ്ട ഈ ക്രൂരമാം വിനോദം,
പണം കൊണ്ട് തൂക്കുവാൻ ആകില്ല
ജീവനിൻ വില അതറിഞ്ഞു
ആ നിമിഷം ഞാനും



**SNEHA JYOTHI JEROME**
Second Year, 2019-20 Batch

# വജ്രങ്ങളുടെ സൂക്ഷിപ്പുകാരി

കുറച്ചു ദിവസങ്ങൾക്കു മുൻപ് സോഷ്യൽ മീഡിയയിൽ കണ്ട ചിത്രമാണിത്. കൊറോണ വൈറസിനെതിരെ ആതുരസേവനം ചെയ്യുന്നവരാണ് ഡെന്റിസ്റ്റുകൾ എന്നാണ് സാരാംശം. ഇത് എത്രമാത്രം ബോധവാന്മാരാക്കുന്നു എന്ന് എനിക്ക് അറിയില്ല. എങ്കിലും മനസ്സിൽ വന്ന ചില ചിന്തകൾ പങ്കുവയ്കാതെ വയ്യ! MBBS ഡോക്ടർ ആകാൻ കഴിവില്ലാത്തവരാണ് ഡെന്റൽ ഡോക്ടർ ആകുന്നത് എന്ന് പറയുന്നവർ ഓർക്കണം. മനുഷ്യന്റെ വായിലെ ഉമിനീരിനോട് ഇത്രയുമധികം ബന്ധം പുലർത്തുന്ന മറ്റൊരു ഡോക്ടർ വിഭാഗം വേറെ ഇല്ല. ഒരുപക്ഷെ കൊറോണ വൈറസ് രോഗബാധ ഉള്ള ഒരാൾ ഒരു ഡെന്റൽ ഡോക്ടർക്ക് exposure ഉണ്ടാക്കുന്നത് പോലെ മറ്റൊരു സാധാരണ വ്യക്തിക്കും എതിരെ ഉണ്ടാക്കുന്നില്ലെന്നാണ് ഞാൻ ചിന്തിക്കുന്നത്. എന്റെ ചിന്തകൾ മാത്രമാണ് ശരി എന്നു തോന്നുമെങ്കിലും പ്രസക്തമായ ഒരു ചോദ്യം കൂടി "പല്ലിനു രോഗം വന്നാൽ ഹാർട്ടിന്റെ ഡോക്ടറെ പോയി കാണാൻ പറ്റുമോ?" തൃശ്ശൂർകാരിയായ സുഹൃത്തിന്റെ വാക്കുകളാണിവ. ഇന്നും ഞാനീ വാക്കുകളിൽ പ്രചോദനം ഉൾകൊള്ളുന്നു. തീർച്ചയായും ഡോക്ടേർസും നഴ്സുമാരും ചെയ്യുന്നത് വിലമതിക്കാനാവാത്ത സേവനമാണ്. എന്നാൽ ഒരു വിഭാഗം ഡോക്ടേർസിനെ മാത്രം എന്താ വിലകുറച്ചു കാണുന്നത് എന്നു മനസിലാകുന്നില്ല. വളർന്നു വരുന്ന ഓരോ ഡെന്റൽ ഡോക്ടറും താനൊരു dentist ആണെന്ന് പറയാൻ മടിച്ചു ഡോക്ടർ ആണെന്ന് പറഞ്ഞു ഒളിക്കുന്നതിനു കാരണവും സമൂഹം കാട്ടുന്ന ഈ വിവേചനം തന്നെയാണ്. ഈ വാക്കുകൾ കൊണ്ട് മാത്രം നിങ്ങളുടെ ചിന്തകളെ തിരുത്താമെന്ന മിഥ്യാധാരണ എനിക്കില്ല. തിരിച്ചറിവുകൾ ഉണ്ടാകട്ടെ. സ്പാനിഷ് നോവലിസ്റ്റായ Miguel de Carvantes പറഞ്ഞിട്ടുണ്ട്, മനുഷ്യന്റെ വായിലെ ഓരോ പല്ലും വജ്രത്തേക്കാൾ വിലപിടിപ്പുള്ളതാണെന്ന്. ഈ വാക്കുകൾ കടമെടുത്തുകൊണ്ട് അഭിമാനത്തോടെ തന്നെ പറയട്ടെ ഞാനുമീ വജ്രങ്ങളുടെ സൂക്ഷിപ്പുകാരിയാണ് ! കൊറോണ വൈറസിനെതിരെ ആതുരസേവനം മുഴുവൻ യുദ്ധം ചെയ്യുമ്പോൾ ഗ്യാലറിയിൽ ഇരുന്നു കളികാണുന്നവരാണ് ഡെന്റിസ്റ്റുകൾ എന്നാണ് സംശയം.



**HAJERAH A**
2019 Batch

# സ്വപ്നങ്ങൾ

സ്വപ്നങ്ങൾ വാതിലുകളാണ് ! ഭൂതകാലങ്ങളിലേക്കും ഭാവികാലങ്ങളിലേക്കുമുള്ള ഇടനാഴികളുടെ വാതിലുകൾ. ഇടനാഴികളിൽ ഇരുട്ടിൽ നാം ബോധരഹിതരാകും.

അവിടെ വെച്ച് നാം ഉണരും. ഇടനാഴിയുടെ മേൽക്കൂരയിൽ നിന്നും ഒരു പടിക്കെട്ട് താഴേക്ക് നീളും. അതിലെ ഒന്നാം പടിയിൽ നിൽക്കുമ്പോൾ പാതിമറഞ്ഞ ഓർമ്മകൾ വന്ന് കണ്ണ് കെട്ടും. രണ്ടാം പടിയിൽ ആഗ്രഹങ്ങൾ കെട്ടഴിഞ്ഞ് കാറ്റിൽ പറക്കും. ഇനി രണ്ടാം പടിക്കും മൂന്നാം പടിക്കുമിടയിൽ വലിയൊരു കുഴിയുണ്ട്, അതിൽ വീണാൽ പാതി മരണമാണ്. ഓർമ്മകളും ആഗ്രഹങ്ങളും കാലത്തിനപ്പുറം നിന്ന് ചിരിക്കും. അവിടെ നിന്നും രക്ഷപ്പെടണമെങ്കിൽ വർത്തമാന കാലത്തിലെ ശക്തികൾ ആഞ്ഞടിക്കണം. നാലാം പടിയിലാണ് പ്രകാശം, ഇരുട്ടിനെ ഇല്ലാണ്ടാക്കുന്നത്. അഞ്ചാം പടിയെ പേടിക്കണം. ഇനിയും മുന്നോട്ട് പോകാൻ കരുത്തുണ്ടോന്ന് തെളിയിക്കണം. അവിടെ മൂർഖൻ പാമ്പും, വെള്ള പൊക്കവും, ഭൂമി കുലുക്കവും നമ്മളെ തേടിയെത്തും. വെള്ളത്തിൽ ശ്വാസം കിട്ടാതെ മുങ്ങി തപ്പും, തിരിയുമ്പോൾ പത്തി വിടർത്തിയ പാമ്പ് കൊത്താൻ തുനിയും, രക്ഷപ്പെട്ട് കരയിലെത്തിയാൽ മണ്ണിടിഞ്ഞ് കല്ലുകൾക്കിടയിൽ ഞെരിഞ്ഞ് രക്തം ഛർദ്ദിക്കും. വീണ്ടും പല രൂപത്തിൽ നമ്മെ ഓടിക്കും അവശരായ യാത്രികർ ആറാം പടിയിലെത്തിയാൽ ആശംസകളുമായ് പ്രകൃതി നമ്മെ ആഗതരാകും. പടർന്നു കിടക്കുന്ന വള്ളിപ്പടർപ്പുകൾ നമ്മെ ആശ്ലേഷിക്കും. പിടിമുറുക്കം കൂടും. നമുക്ക് ശ്വാസം നഷ്ടമാകും. പിടയാൻ തുടങ്ങും. കണ്ണുകൾ തള്ളും, വായിൽ നുരയും പതയും ചാടും. ഇനിയും ഉറക്കം നഷ്ടമാകാത്തവർ ഏഴാം പടിയിൽ എത്തും. അവസാനത്തെ പടി. അവയുടെ മുകളിൽ മേഘങ്ങൾ പടർന്ന് കിടക്കുന്നുണ്ട്. അവിടെ നമ്മെ സ്വീകരിക്കാൻ സന്തോഷമുള്ളവരുണ്ട്

"മരിച്ചവർ". അവർ കാലങ്ങളുടെ കാവൽക്കാരാണ്. അവർ നമ്മെ പേടകങ്ങളിലടയ്ക്കും, നിര നിരയായ് അടുക്കിയ അനന്ത രശ്മികളിലൂടെ നക്ഷത്രങ്ങളിലേക്ക് പറഞ്ഞയക്കും. നക്ഷത്രങ്ങൾക്ക് അടുത്തെത്തിയാൽ അവർ ഭൂതകാലത്തിലേക്കുള്ള വഴി പറഞ്ഞുതരും.

പിന്നെയും യാത്ര തുടർന്നാൽ ഭൂതകാലങ്ങൾക്കപ്പുറത്ത് ഭാവിയിലേക്ക് ഒഴുകുന്ന വെള്ളച്ചാട്ടം കാണാനാകും. അവയുടെ ജലം കറുപ്പാണ്. ആ ചാലിൽ പേടകങ്ങൾ, തോണികളായിമാറും. പതിയെ ഒലിച്ച് അതൊരു ഗർത്തത്തിലേക്ക് വീഴും. അവിടെ നമ്മൾ അവസാന കാലത്തിന്റെ ആരംഭം കാണും.



**FAYAZ ALI KHAN**
2019 Batch

# കൺമഷി

നീറിപ്പുകയുന്ന മനസ്സുമായി ജീവിതം നീരാവിയായിത്തീർക്കുന്ന ആ ശരീരം, ചുട്ടുപഴുത്ത ഇരുമ്പ്ദണ്ഡ് പോലെ കൊല്ലന്റെ ആലയിൽ ഉരുകിത്തീരുകയായിരുന്നു. അപ്രതീക്ഷിതമായിട്ടുള്ള എന്റെ നോട്ടം- അവളുടെ കണ്ണുകളിൽ ഒരു തീജ്വാലയായി കത്തിയമരുന്നത് ഞാൻ തിരിച്ചറിഞ്ഞു. എന്തിനോ... പകരംവീട്ടും പോലെ, ആരെയോ ദഹിപ്പിക്കും പോലെ അവൾ ഒരു ചാട്ടുളി കൊണ്ട് ആ ഇരുമ്പിൻ കഷ്ണത്തെ ആഞ്ഞടിച്ചുകൊണ്ടിരുന്നു.

അവളുടെ കൺപീലികൾ നേർത്തണഞ്ഞെങ്കിലും ഒരു തീപ്പൊരിപോലെ അവ ശോഭിച്ചു. ഇനി അത് കൺമഷിയാണോ അതോ അവിടുത്തെ അസഹ്യമായ ചൂട് കാരണം കരിയും പുകയും ഏറ്റ് നിറം മങ്ങി പോയതാണോ എന്ന സംശയം എന്നിൽ ആശങ്കയുണർത്തി. അപ്പോഴും, മഷിത്തണ്ടും, കൺമഷിയുമായി ഓടിനടന്നിരുന്ന ഒരു കുട്ടിക്കാലം എന്നെ മാടിവിളിച്ച് കൊണ്ടിരുന്നു. കാറ്റിന്റെ വേഗവും ശക്തിയും ഞാനറിഞ്ഞത് അവളുടെ കൈക്കരുത്തിലൂടെയായിരുന്നു. അവ നിർജീവമായി തന്നെ ചലിച്ച് കൊണ്ടിരുന്നു.

ഇരുട്ട് വീഴാറായ്ത്തുടങ്ങിയിട്ടും സൂര്യൻ അസ്തമിച്ചത് ഞാനറിഞ്ഞിരുന്നില്ല. അവിടുന്ന് വീട്ടിലേക്ക് തിരിച്ച് നടക്കുമ്പോഴേക്കും അകത്ത് നിന്ന് ആരോ വിളിച്ച് പറഞ്ഞ്കൊണ്ടിരുന്നു.

.... അമ്മേ കൺമഷി



**NEETHU MENON**
Senior Lecture, Department of Anatomy

# ഉതിപ്പും കിതപ്പും

ജൻമങ്ങളേഴും കഴിഞ്ഞാലും തീരാത്ത
പാപകർമ്മങ്ങളിൽ മുങ്ങിക്കുളിച്ചു ഞാൻ
യൗവ്വന ഗദ്ഗദത്തെ ചോരത്തിളപ്പിനാൽ
ഗർവു കൊണ്ടെൻ മനം മലിനമായി
പെറ്റമ്മയെപ്പോലും പാടെ മറന്നു ഞാൻ
അച്ഛനെ എപ്പോഴും ധിക്കരിച്ചു
പരിശുദ്ധയായൊരെൻ
പത്നിയെ ത്യജിച്ചു ഞാൻ
രാത്രികൾ വേശ്യകൾക്കായ് പകുത്തു
മക്കൾ വിശന്നുവലയുന്ന നേരത്ത്
മദ്യലഹരിയിൽ മതിമറന്നാടി ഞാൻ
സ്വന്തക്കാർ ബന്ധുക്കൾ നാട്ടുകാരൊക്കെയും
'തെമ്മാടിയായൊരെന്നോടകന്നു'
ആരേയും കൂസാത്ത ജീവിതയാത്രയിൽ
'ദൈവത്തെപ്പോലും ഞാനോർത്തതില്ല'
കാലം നിരന്തരം നക്കിത്തുടച്ചെന്നെ
കോലം കെട്ടുള്ളൊരു വൃദ്ധനാക്കീ
പ്രായം അനുദിനം ഞെക്കിപ്പിഴിഞ്ഞെന്നെ
ഒന്നിനും വയ്യാത്ത പരുവമാക്കി
ഇന്നിതാ സർവരും വെറുക്കുന്ന ജീവനായ്
നാറിനരകിച്ചു കഴിയുന്നീ ഭൂമിയിൽ.



**By Dr.Kiran S Shankar**
Senior Lecturer Department of Public Health

# പിറന്നാൾ സമ്മാനം

ക്ലിനിക്കിൽനിന്നും ഞാൻ ഇറങ്ങാൻ ഒരുങ്ങുമ്പോഴാണ് ആ പേഷ്യന്റിനെയുംകൊണ്ട് അവർ വന്നത്. എൺപതു കഴിഞ്ഞ ഒരു വൃദ്ധൻ. ഇടത്തെ കവിളാകെ നീരു വന്നു വീർത്തിരുന്നു. വലതു കൈ കൊണ്ടു ഇടതുകവിളിൽ അമർത്തിപ്പിടിച്ചു കൊണ്ടാണ് വൃദ്ധൻ കടന്നുവന്നത്. കൂടെ മധ്യവയസ്കരായ ഒരു പുരുഷനും സ്ത്രീയും.

' എന്തു പറ്റി?'

'കുട്ടികൾ ക്രിക്കറ്റ് കളിച്ചപ്പോൾ പന്തുവന്നു കൊണ്ടതാണ് ഡോക്ടർ. രണ്ടു പല്ലുകൾ ഇളകിയിട്ടുണ്ടെന്നു തോന്നുന്നു' കൂടെ വന്ന സ്ത്രീ പറഞ്ഞു. വൃദ്ധൻ തെല്ലമ്പരപ്പോടെ സ്ത്രീയുടെ നേരെ നോക്കി.

' കുട്ടികൾ കളിക്കുന്നിടത്തു പോയി നിൽക്കരുതെന്നു എപ്പോഴും പറയുന്നതാണ് അച്ഛനോട്. പറഞ്ഞാൽ കേൾക്കണ്ടേ'

മകന്റെ ശകാരം. വൃദ്ധൻ പരിഹാസരൂപത്തിൽ അതു പറഞ്ഞ പുരുഷനെ നോക്കി.

മകനാണല്ലേ'

' അതേ ഡോക്ടർ'

' നിങ്ങൾ രണ്ടാളും വെളിയിൽ ഇരിക്കൂ. ഞാനൊന്നു നോക്കട്ടെ'

അവർ വെളിയിലേക്കു പോയി. അപ്പോഴും കവിളിൽ കൈപ്പത്തി അമർത്തിക്കൊണ്ട് വൃദ്ധനിരുന്നു.

' വേദനയുണ്ടോ അപ്പച്ചാ?'

വൃദ്ധൻ തല കുലുക്കി.

' അപ്പച്ചൻ കൈ ഒന്നെടുത്തേ. നോക്കട്ടെ '

വൃദ്ധൻ കയ്യെടുത്തു. ക്രിക്കറ്റ് ബോൾ കൊണ്ടയിടം ചുവന്നു വീർത്തിരുന്നു.

ഞാൻ അദ്ദേഹത്തെ ഡെന്റൽ ചെയറിലിരുത്തി.

' വായ തുറന്നേ അപ്പച്ചാ നോക്കട്ടെ'

അദ്ദേഹം വായ തുറന്നു. അപ്പോഴും രക്തമോഴുക്കു നിലച്ചി ട്ടില്ല എന്നു തോന്നി.

മൗത്ത് വാഷ് വായിലൊഴിച്ചു രണ്ടു തവണ അദ്ദേഹം

തുപ്പി. പല്ല് അടർന്നിരിക്കുന്നു. അപ്പുറവും ഇപ്പുറവും ഉള്ള പല്ലുകൾക്കും ഇളക്കമുണ്ട്. മോണ ചതഞ്ഞിരിക്കുന്നു.
ട്രീറ്റ്മെന്റ് ഒക്കെ കഴിഞ്ഞു വൃദ്ധൻ ഡെന്റൽ ചെയറിൽ നിന്നും ഇറങ്ങി എന്റെ മുന്നിലെ കസേരയിൽ ഇരുന്നു.
' ഈ ക്രിക്കറ്റ് കളി അല്പം അപകടം പിടിച്ചതാണ് അല്ലെ അപ്പച്ചാ' അതേ എന്ന മട്ടിൽ വൃദ്ധൻ തല കുലുക്കി.
' ഇനി കുട്ടികൾ കളിക്കുന്നിടത്തൊന്നും പോകേണ്ട കേട്ടോ' അദ്ദേഹം ദയനീയനായി എന്നെ നോക്കി.
പെട്ടന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.
' എന്തു പറ്റി അപ്പച്ചാ വേദനിക്കുന്നോ ?'
അതേ എന്ന അർത്ഥത്തിൽ അദ്ദേഹം തല കുലുക്കി.
' വേദന മാറാനുള്ള മരുന്നുകൂടി എഴുതാം.
വേദന മാറിക്കോളും
' ഈ വേദന മാറില്ല ഡോക്ടർ'
' അതെന്താ അപ്പച്ചാ അങ്ങനെ പറഞ്ഞത് '
' അതങ്ങനെയാ ഡോക്ടർ'
' അതെന്താ അപ്പച്ചന് എന്നെ വിശ്വാസമില്ലേ'
' അയ്യോ അങ്ങനെയല്ല ഡോക്ടർ'
' പിന്നെ ?
' ഒന്നുമില്ല'
അദ്ദേഹത്തിനു മറ്റെന്തോ പറയാനുണ്ടെന്ന് എനിക്കു തോന്നി.
' അപ്പച്ചന് പറയാനുള്ളത് എന്താണെങ്കിലും
എന്നോടു ധൈര്യമായി പറയൂ '
'ശരീരവേദന മാറ്റാനല്ലേ ഡോക്ടർക്കാവൂ. മനസിനാണ് വേദനയെങ്കിലോ ?'
' എന്താ അപ്പച്ചന്റെ പ്രശ്നം? എന്തായാലും പറയൂ'.
' അതു പിന്നെ.... അല്ലെങ്കിൽ വേണ്ട'
അദ്ദേഹം എന്തോ ഭയപ്പെടുന്നതുപോലെ തോന്നിയപ്പോൾ അതറിയാനുള്ള കൗതുകം എനിക്കു കൂടി വന്നു.
' അപ്പച്ചൻ പേടിക്കേണ്ട. ധൈര്യമായി പറഞ്ഞോളൂ, ഞാൻ ആരോടും പറയില്ല'
അദ്ദേഹം തന്റെ ഇടതുകവിളിൽ തൊട്ടുകൊണ്ട് പറഞ്ഞു തുടങ്ങി.
' ഇത് എന്റെ കൊച്ചുമകൾ ഇന്ന് എനിക്കു തന്ന സമ്മാനമാണ് ഡോക്ടർ'.
'കൊച്ചുമകളോ!? എന്തിന് ?
' ടേബിൾ മാനേഴ്സ് പാലിക്കാത്തതിന് '
' ടേബിൾ മാനേഴ്സ് പാലിക്കാത്തതിനോ'?
'അതേ എന്റെ തെറ്റുതന്നെയാണ്. ഞാൻ മുഴുവൻ പറയാം. ഇന്ന് എന്റെ പിറന്നാൾ ആയിരുന്നു ഡോക്ടർ. ഉച്ചക്ക് ഞങ്ങൾ പിറന്നാൾ സദ്യ കഴിക്കുകയായിരുന്നു. കഴിച്ചുകൊണ്ടിരിക്കെ എന്റെ മകൻ പറഞ്ഞ തമാശ കേട്ടു ഞാൻ പെട്ടന്ന് ചിരിച്ചപ്പോൾ എന്റെ വായിൽ നിന്നു തെറിച്ച ഭക്ഷണം എന്റെ കൊച്ചുമകളുടെ പിറന്നാൾ വസ്ത്രത്തിലാണ് വീണത്. അവൾക്കു പെട്ടെന്ന് വന്ന ദേഷ്യത്തിൽ സാമ്പാർ തവിയെടുത്ത് എനിക്കു തന്ന സമ്മാനമാണിത്. കുട്ടിയല്ലേ ഡോക്ടർ '.
'കൊച്ചുമകൾ തീരെ ചെറിയ കുട്ടിയാണോ ?'
' ഇരുപതു വയസ്സ്. എങ്കിലും അവൾ എനിക്കു ഇന്നും ചെറിയ കുട്ടിയാണ് ഡോക്ടർ'.
അദ്ദേഹത്തെ എന്തു പറഞ്ഞു സമാധാനിപ്പിക്കും എന്നു ഞാൻ
വിഷമിക്കുമ്പോൾ അദ്ദേഹംതന്നെ എന്നെ സമാധാനിപ്പിച്ചു.
' സാരമില്ല ഡോക്ടർ. ഇതു പറഞ്ഞപ്പോൾ എന്റെ വേദന കുറഞ്ഞതുപോലെ. ഡോക്ടർ
ഞാൻ പറഞ്ഞ കാര്യം ആരോടും പറയരുത്. എനിക്കു ഡോക്ടറെ വിശ്വസിക്കാമല്ലോ ?'
അല്ലേ '.
' തീർച്ചയായും '
അദ്ദേഹം ആശ്വാസത്തോടെ എഴുന്നേറ്റു.
പിന്നെ അവിസ്മരണീയമായ പിറന്നാൾ സമ്മാനത്തെ തലോടിക്കൊണ്ട് പുറത്തേക്ക്.



# അന്ന് പെയ്ത മഴയിൽ

**FAYAZ ALI KHAN**
2019 Batch

ഇന്നലെകളിലെ മനുഷ്യന്റെ
കാപട്യമോ...
ഇന്നെൻ മനസ്സിലെ
കാർമേഘമോ...
അന്ന് പെയ്ത മഴയിൽ ഞാൻ
നനഞ്ഞ കണ്ണീരാലോ
നിൻ മനസ്സാകുന്ന സാഗരത്തിൽ
മുങ്ങിപ്പോയ പൂമ്പാറ്റയായോ
മഴയെത്തും മുമ്പേ
ഇണയെക്കാണുവാനാകുമോ....
എന്നത് മനസ്സിന്റെ ശാഠ്യമോ..
അതോ ഇലപൊഴിഞ്ഞ
ഒരു ശിശിരകാലമോ...
തന്റേതാകില്ലാ എന്ന്
അറിഞ്ഞിരുന്നിട്ടും നീ
ഇന്നെൻ മനസ്സിലെ പുൽനാമ്പുകളോ....
തോരാമഴയിലെ ആ തണുത്തുറഞ്ഞ
വെള്ളത്തുള്ളികൾ കവർന്നെടുത്തത്,
നിന്റെ മോഹങ്ങളോ,
അതോ ചലനമറ്റ എന്റെ ശരീരമോ....
പ്രേമസാനുവാം, പ്രണയഭൂമിയിലെ
ഒരു പൂക്കാലം
മാഞ്ഞുപോയിരിക്കുന്നു....
പ്രണയിനിയെ, നിൻ മോഹങ്ങളെ
തകർത്തെറിഞ്ഞ്
താണ്ഡവമാടിക്കൊണ്ടിരിക്കുന്ന
ആ പെരുമഴ
ഒരു പേമാരിയായി,
പ്രളയക്കെടുതിയായി ഇന്ന്
എന്നെയും
കവർന്നെടുത്തിരിക്കുന്നു.



**FAYAZ ALI KHAN**
2019 Batch

# ദേശാടനം

എന്റെ മുന്നിലെ കെടാവിളക്കായ്
ഓടിവന്ന നിന്റെ മധുരസ്വരങ്ങൾ
സ്വരം നഷ്ടമായ ഒരു കുയിലിനെപ്പോലെ
എന്റെ മനസ്സിൽ വിങ്ങലുണ്ടാക്കി
മറക്കാൻ ശ്രമിക്കുന്ന ഓരോ നിമിഷവും
അവ വീണ്ടും എന്നെ മാടിവിളിച്ച് കൊണ്ടിരുന്നു.
ശൈത്യകാലമെത്തും മുമ്പേ കൂടൊഴിഞ്ഞ് പോയ
ഒരു കൂട്ടം പക്ഷിക്കൂട്ടങ്ങൾ പോലെ
വാസസ്ഥലങ്ങൾ തേടി ഞാൻ നഗരവീഥികൾ
അലയുമ്പോൾ
ഭൂമിയെ മറന്ന് അവർ ആകാശത്തേക്ക് ചേക്കേറി
കഴിഞ്ഞിരുന്നു.
കാർക്കൂന്തൽ പോലെ അവർ സൂര്യനെ മറയ്ക്കുമ്പോൾ
എന്റെ സിരകളിൽ നിറയുന്നത് ചൂടുരക്തമോ
ചിറകൊടിഞ്ഞ കിനാവുകളോ....
നിന്റെ മോഹാല്യാസത്തിൽ ഞാൻ കണ്ട കിനാവുകൾ
ഓരോരോന്നായി വീണ്ടും
ഒരു ദേശാടനപക്ഷിയെപ്പോലെ കൂടൊഴിഞ്ഞ്
പോയിരിക്കുന്നു.
എന്റെ മുന്നിലെക്കെത്തുന്ന വേദനാജനകമായ
ഓരോ നിമിഷവും...
മനസ്സിന്റെ ദിശമാറ്റി ഞാൻ, സഞ്ചരിച്ചു
തിരിക്കെപ്പോയാൽ ഒരിക്കൽ നഷ്ടപ്പെട്ടതെല്ലാം
തിരിച്ച് കിട്ടുമോ ?
കാലഹരണപ്പെട്ട് പോയത് തിരിച്ച്പിടിക്കാൻ
കഴിയില്ല എന്ന ഉറച്ചബോധമുള്ള ദേശാടനക്കിളികൾ
ദിശതെറ്റാതെയുള്ള അവയുടെ ഓരോ
സഞ്ചാരങ്ങളും ആസ്വദിച്ച് കൊണ്ടിരിക്കുമ്പോൾ...
കാറ്റിൽപ്പെട്ട് ദിശ തെറ്റിയ ഒരു പട്ടം പോലെ ഞാൻ
ദേശാടനം ചെയ്ത് കൊണ്ടിരുന്നു.

**ABHIJA K UNNI**
2020 Batch



# രാത്രി മഴ

മഴവന്ന രാത്രിയിൽ വാതിൽപ്പടിയിൽ ഞാൻ
കണ്ണിമ ചിമ്മാതെ നോക്കി നിന്നു
ഇരുളാകും കാർമേഘക്കൂട്ടങ്ങളൊന്നായി
പാരിടമാകെ മറച്ചിടുമ്പോൾ
അലസമായ് വീശുന്ന കാറ്റിന്റെ കുഴൽനാദം
കുളിരായി വന്നു പൊതിഞ്ഞിടുന്നു.
ഇടിമിന്നൽ കർണപുടങ്ങളിൽ കൺകളിൽ
നാദമായ് ദീപമായ് വിങ്ങിനിൽക്കേ
പെയ്യുന്നു പേമാരി തുള്ളിക്കൊരു കുടം.
വിണ്ണിന്റെയോമന തേൻകുടങ്ങൾ
പുതുമഴ, പുലർമഴ, കുളിർമഴയിങ്ങനെ
എത്രയോ മഴകൾ നാം കണ്ടിടുന്നു.
കുളിരിന്റെ കൈകളിൽ ആലോലമാടി ഞാൻ
മഴയുടെ ഭംഗി നുകർന്നു നിൽക്കും
മഴവെള്ളപ്പാച്ചിലിൽ കവിയുന്ന പുഴയുടെ
കളനാദം കേട്ടുരസിച്ചിരിക്കും
എത്ര പറഞ്ഞാലും മതിവരില്ല
മഴതൻ വിശേഷവും വാർത്തകളും.....

FAYAZ ALI KHAN
2019 Batch



# ഡിസ്ക്കഷൻ ഹാളിലെ പ്രണയം

ഉച്ചയ്ക്ക് ശേഷമുള്ള ബോറൻ ലക്ചർ ക്ലാസുകൾ ഓർത്ത് തലപുകഞ്ഞ് ഇരിക്കുന്ന സമയത്തായിരുന്നു അപ്രതീഷിതമായി ആ കുട്ടിയുടെ കടന്ന് വരവ്.

തിയറി ക്ലാസുകൾ തുടങ്ങി, ഒരാഴ്ച പിന്നിട്ട് കഴിഞ്ഞിട്ടും ക്ലാസ്മേറ്റ്സ് എല്ലാവരെയും പരിചയപ്പെടാൻ കഴിയാത്തതിൽ എനിക്ക് വല്ലാത്ത കുറ്റബോധം ഉണ്ടായിരുന്നു. എന്നിട്ടും അതൊന്നും പുറത്ത് കാണിക്കാതെ അടുത്തിരിക്കുന്ന സുഹൃത്തിന്റെ- ചെവിയിൽ ഒരു നുള്ള് കൊടുത്തിട്ട് ഒന്നുമറിയാത്തവനെപ്പോലെ ഇരിക്കുന്ന ഒരു അഞ്ചാം ക്ലാസുകാരന്റെ മാനസികവിഭ്രാന്തിയായിരുന്നു മനസ്സ് മുഴുവൻ. ഉച്ചത്തിലുള്ള ബഹളവും, സംസാരങ്ങളും മാത്രം നിറഞ്ഞ് നിന്നിരുന്ന ഞങ്ങളുടെ ആ ക്ലാസ്റൂം പെട്ടന്ന് ഒരു നിമിഷത്തേക്ക് നിശ്ചലമായി. എങ്ങും നിശബ്ദത മാത്രം അലയിട്ട് കൊണ്ടിരുന്നു. ഇതുവരെ ക്ലാസിൽ ആരും കണ്ടിട്ടില്ലാത്ത ഒരു പുതുമുഖം, അവളുടെ കടന്ന് വരവ് ഒരു നിശബ്ദതയോട് കൂടിയാണ് ക്ലാസ് മുഴുവൻ സ്വീകരിച്ചത്. എല്ലാവരും അവളെ തന്നെ തുറിച്ച് നോക്കുന്നത് ഒരേ സമയം ആ കുട്ടിയിൽ പേടിയും ജിജ്ഞാസയുമുയർത്തി. ഒഴിഞ്ഞ് കിടക്കുകയായിരുന്ന ഏതോ ഒരു സീറ്റിൽ ബാഗ് വയ്ച്ചിട്ട് ആരെയോ കാണാനെന്നപോലെ തിടുക്കപ്പെട്ട് അവൻ ക്ലാസിന് പുറത്തേയ്ക്ക് പോയി.

ക്ലാസിൽ ഇതൊക്കെ നടക്കുമ്പോഴും-നവ്യയുടെ ലഞ്ച് ബോക്സ് ഒളിപ്പിച്ച് വയ്ക്കുന്ന തിരക്കിലായിരുന്നു ഞാൻ. പുതുതായി ക്ലാസിൽ ജോയിൻ ചെയ്ത കുട്ടിയാണ് വന്നതെന്ന് ബാക്ക് ബെഞ്ചേഴ്സ് വിളിച്ചു പറയുന്നുണ്ടായിരുന്നെങ്കിലും ഞാൻ അതൊന്നും അത്ര കാര്യമാക്കിയില്ല.

സന്തോഷമുള്ള വാർത്തയുമായിട്ടായിരുന്നു ഓടിക്കിതച്ച് അവിടേക്ക് നവീൻ എത്തിയത്. ഇന്ന് ഉച്ചയ്ക്ക് ശേഷമുള്ള എല്ലാ ലക്ചർ ക്ലാസുകളും മാറ്റിവെച്ചെന്നും പകരം അനാട്ടമി ഡിസക്ഷൻ ഹാളിലായിരിക്കും എന്ന് അവൻ പറഞ്ഞപ്പോഴാണ് എല്ലാവർക്കും ശ്വാസം നേരെ വീണത്. ഞങ്ങളുടെ ബാച്ചിലെ ഫസ്റ്റ്

ഡിസക്ഷൻ ക്ലാസ് ആയിരുന്നത് കൊണ്ട് എല്ലാവർക്കും വലിയ ആവേശമായിരുന്നു.

ഡിസക്ഷൻ ഹാളിനെപ്പറ്റി സിനിമയിലൂടെയും മറ്റും കണ്ടിട്ടും പറഞ്ഞ് കേട്ടിട്ടുമുണ്ട് എന്നല്ലാതെ നേരിട്ടുള്ള ഒരു അനുഭവം അന്ന് ജീവിതത്തിലാദ്യമായിട്ടായിരുന്നു. ഹാളിന്റെ അകത്തേക്ക് കയറും വരെ എന്തോ വലിയ സംഭവമായിട്ടാണ് ഞാൻ കരുതിയിരുന്നത്. ഫോർമാലിൻന്റെ രൂക്ഷഗന്ധമുള്ള ആ മുറിയിലേക്ക് കയറിയപ്പോൾ കണ്ട കാഴ്ചകൾ അത്ര രസകരമായിരുന്നില്ല. കേടുകൂടാതിരിക്കുവാൻ വേണ്ടി ഫോർമാലിൻ ലായനിയിൽ ഇട്ടുവെച്ച് ചുക്കിചുളിഞ്ഞ് പോയ മനുഷ്യശരീരങ്ങളും അവയവങ്ങളും ഓരോ ടേബിളുകളിൽ നിരത്തി വയ്ച്ചിരിക്കുന്നു. ആ ഹാളിൽ വീശിയടിച്ച് കൊണ്ടിരുന്ന ചെറു കാറ്റിനു പോലും ഫോർമാലിൻന്റെ ഗന്ധമായിരുന്നു.....

ആദ്യ കാഴ്ചയിൽ അരോചകമായി തോന്നിയെങ്കിലും, പിന്നീട് ഒന്നോർത്തപ്പോൾ ഒരുകാലത്ത് ബന്ധുക്കളും, സുഹൃത്തുക്കളുമൊക്കെയായി ജീവിച്ചിരുന്ന മനുഷ്യരാണല്ലോ അവരും എന്ന് തോന്നി. മെഡിക്കൽ വിദ്യാത്ഥികൾക്ക് കീറിമുറിച്ച് പഠിക്കാൻ വേണ്ടി മരിച്ചിട്ടും സ്വന്തം ശരീരം ത്യജിച്ച് നൽകിയവർ ഇന്നും അവർ പലരിലൂടെ മരണമില്ലാതെ ജീവിക്കുന്നു.

യുവഡോക്ടർമാരാവാനുള്ള ഞങ്ങളുടെ ആദ്യത്തെ തയ്യാറെടുപ്പുകൾക്ക് സ്വന്തം ശരീരത്തിലൂടെ അറിവിന്റെ ഓരോ കോശങ്ങളായി വിദ്യാർത്ഥികൾക്ക് പങ്കുവയ്ക്കുന്ന ആ മനുഷ്യ ശരീരങ്ങളോട് വല്ലാത്ത ആദരവ് തോന്നി ആ നിമിഷം.

ഗതികിട്ടാതെ അലയുന്ന ആത്മാക്കളായി, ഭൂതപ്രേതപിശാചുക്കളായി അലയുന്ന ശരീരങ്ങളായി മാത്രം പലരും അവയെ വിശേഷിപ്പിക്കാറുണ്ടെങ്കിലും അവയെല്ലാം വെറും കെട്ടു കഥകളായി എനിക്ക് അനുഭവപ്പെട്ടു. ജീവിച്ചിരിക്കുമ്പോൾ ശരീരത്തിന് വിലപറയുന്ന ഇന്നത്തെ സമൂഹത്തിനു മരിച്ചിട്ടും സ്വന്തം ശരീരം കൊണ്ട് മറ്റുള്ളവർക്ക് അറിവ് പകർന്ന് കൊടുക്കാൻ കഴിഞ്ഞത് തന്നെ ഒരു പുണ്യപ്രവർത്തിയായി കരുതി പരലോകത്ത് അവർ സന്തോഷിക്കുന്നുണ്ടാവും എന്നൊക്കെ വിചാരിച്ച് ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്നതിനിടയ്ക്ക് സാർ പഠിപ്പിച്ചത് എന്തൊക്കെയാണെന്ന് പോലും ഞാൻ കേട്ടില്ല. എന്തൊക്കെയോ കേട്ട് തലകുലുക്കി, ടേബിളിൽ ചെന്ന് ഇരുന്നു എന്നല്ലാതെ ഒന്നും ഓർമ്മയില്ല എന്നതായിരുന്നു സത്യം.

ഡിസക്ഷൻ ഹാളിൽ കയറിയാൽ എല്ലാവരും പാലിക്കേണ്ട മര്യാദകളെപ്പറ്റി സാർ പറഞ്ഞ് തന്നിട്ടും, അതൊന്നും കേട്ട ഭാവമില്ലാതെ ഒരു വായാടിക്കുരുവിയെപ്പോലെ സുഹൃത്തുക്കളുമായി സല്ലപിക്കുന്ന എന്റെ തൊട്ടു പിറകിലെ ടേബിളിലെ ആ കുട്ടിയെ ഞാൻ ശ്രദ്ധിച്ചു. ഇമ ചിമ്മാതെയുള്ള എന്റെ നില്പ് കണ്ട് കഷ്ടം തോന്നി അനുവാണ് എന്നോട്ട് പറഞ്ഞത് നമ്മുടെ ക്ലാസിലേക്ക് പുതുതായി വന്ന കുട്ടിയാണ് അതെന്ന്. പരിചയപ്പെടണം ഒന്ന് മിണ്ടണം, എന്ന് പല തവണ ഞാൻ വിചാരിച്ചെങ്കിലും മനസ്സ് സമ്മതിച്ചില്ല. പല ആവർത്തി തിരിഞ്ഞ് നോക്കിയിട്ടും എന്റെ പിറകിലായത് കൊണ്ട് മുഖം നേരേ കാണാൻ കഴിഞ്ഞില്ല എങ്കിലും നിർത്താതെയുള്ള അവളുടെ സംസാരം കേൾക്കുമ്പോൾ.

എന്റെ സാറേ.....

പിന്നെ ചുറ്റുമുള്ളതൊന്നും കാണാൻ പറ്റൂല്ല... എന്തോ ചോദിക്കാൻ വേണ്ടി സകല ദൈവങ്ങളെയും വിളിച്ച് ഒരു വിധം ധൈര്യം സംഭരിച്ച് വന്നപ്പോഴേക്കും ക്ലാസ് കഴിഞ്ഞിരുന്നു. ഡിസക്ഷൻ ഹാളിൽ നിന്നും പുറത്തോട്ട് ബുക്കുമെടുത്തുള്ള ഓട്ടത്തിനിടയ്ക്ക് വെപ്രാളപ്പെട്ട് സ്റ്റെപ്പിൽ കാൽവഴുതി വീണപ്പോഴും മനസ്സ് ആ കുട്ടിയോട് സംസാരിക്കണമെന്ന് ആയിരുന്നു. ഇതിനടിയ്ക്ക് ആ തിക്കിലും തിരക്കിലും അവൾ എവിടെയോ മറഞ്ഞിരുന്നു. ഓരോ തവണയും തിരിഞ്ഞ് നോക്കി നടക്കുമ്പോൾ കണ്ടുമുട്ടാൻ കഴിയും എന്ന പ്രതീക്ഷയായിരുന്നു.

പെട്ടെന്ന് ആയിരുന്നു ആരോ എന്നെ തട്ടി വിളിക്കുന്നത് പോലെ തോന്നിയത്. പിന്നാലെ ശബ്ദത്തിന്റെ ഗാംഭീര്യവും കൂടി കൂടി വന്നു. ഈശ്വരാ..... അത് അവൾ ആയിരിക്കണമേ എന്ന് ഞാൻ വിചാരിച്ചു. നോട്ട് ബുക്ക് കൊണ്ട് ആരോ എന്റെ തലയ്ക്കടിച്ചപ്പോഴാണ്- ഉറക്കത്തിൽ നിന്ന് ഞാൻ, പെട്ടെന്ന് ഞെട്ടി ഉണർന്നത്. ക്ലാസിലെ മുഴുവൽ കുട്ടികളും എന്നെതന്നെ നോക്കി ചിരിക്കുന്ന അവസ്ഥ! ഇത്രയും നേരം കണ്ടത് വെറും സ്വപ്നമായിരുന്നെന്ന് മനസ്സിലാക്കാൻ എനിക്ക് അധിക സമയം വേണ്ടി വന്നില്ല. മുഖം കഴുകി വരാൻ പറഞ്ഞ് വേണു സാർ എന്നെ ക്ലാസിനു പുറത്താക്കുമ്പോഴും, മനസ്സ് നിറയെ സ്വപ്നത്തിൽ കണ്ട മുഖം കാണാത്ത ആ പെൺകുട്ടിയായിരുന്നു.



**ARAVIND. S**
2016 Batch

# ഒരു കുഞ്ഞു പൂമ്പാറ്റയുടെ കഥ

ദൂരെ അങ്ങ് ചക്രവാളത്തിൽ സൂര്യൻ വിശ്രമിക്കാൻ ഒരുങ്ങുകയാണ്. ആകാശം ആകെ രക്തവർണത്തിൽ പൊതിഞ്ഞിരുന്നു. നീലയും ചുവപ്പും മഞ്ഞയും നിറത്തിൽ ഏതാനും ചിത്രശലഭങ്ങൾ ലക്ഷ്മിയുടെ പൂന്തോട്ടത്തിൽ നിന്നും തേൻ ശേഖരിക്കുന്നതിന്റെ പരിശ്രമത്തിൽ ആണ്. എങ്ങു നിന്നോ ഒരു മുറിവാലൻ കിളി തന്റെ ഇണയെ തിരിച്ചു വിളിക്കുന്ന സ്വരം കേൾക്കാം.

കുഞ്ഞു ലക്ഷ്മി തന്റെ ജനൽ കമ്പികൾക്കിടയിൽക്കുടെ മുകയായി ഇതെല്ലാം വീക്ഷിച്ചു കൊണ്ട് ഇരിക്കുകായാണ്. പക്ഷികളുടെ മനോഹരം ആയ സ്വരങ്ങൾ അവളുടെ കുഞ്ഞു കാതുകളിൽ സംഗീതം പോലെ അനുഭവപ്പെട്ടു.

അപ്പുവും അച്ചുവും തങ്ങളുടെ വീട്ടുവളപ്പിൽ ഇരുന്ന മണ്ണ് കൊണ്ട് വീട് ഉണ്ടാക്കി കളിക്കുന്നത് കുഞ്ഞു ലക്ഷ്മിക്ക് കാണാം.

അവൾ തന്റെ കസേരയിൽ നിന്നും ചാടി എഴുന്നേറ്റു അവരുടെ അടുത്തേക്ക് ഓടി. ലക്ഷ്മി കണ്ടതും അപ്പുവിനും അച്ചുവിനും സന്തോഷമായി. അവർ മൂവരും ചേർന്ന് അവിടമാകെ ഓടി കളിച്ചു നടന്നു. അപ്പു പെട്ടെന്ന് കുഞ്ഞു ലക്ഷ്മിയുടെ അടുത്തേക്ക് വന്നു. അവൻ തന്റെ ചേർത്തു പിടിച്ച കൈകൾ പതുക്കെ തുറന്നു. അതിൽ നിന്നും ചുവപ്പ് നിറത്തിൽ നീല പുള്ളികൾ ഉള്ള സുന്ദരിയായ ഒരു ചിത്രശലഭം ചിറക

ടിച്ചു ഉയർന്നു.

അവർ മൂവരും ചേർന്നു വേലിയുടെ വിടവിലൂടെ ഭാസ്കരൻ മാമൻ തോട്ടത്തിൽ കടന്നു. ഭാസ്കരൻ മാമനെ എല്ലാവർക്കും പേടി ആണ്. പുള്ളിക്കാരന്റെ മുകളിലേക്കു ചുരുട്ടി വെച്ചേക്കുന്ന കട്ടിയേറിയ വലിയ മീശയും നോട്ടവും ആരെയും പേടിപ്പിക്കും. അസ്തമയ സൂര്യനെപോൽ മഞ്ഞയും ഓറഞ്ചും നിറത്തിൽ സ്വാദേറിയ കിളിച്ചുണ്ടൻ മാമ്പഴങ്ങൾ അവരെ കാത്തു അവിടെ നിൽപുണ്ടായിരുന്നു. ലക്ഷ്യം കണ്ട ഏതാനും കല്ലുകളുടെ സഹായത്തോടെ അവർക്കു മാമ്പഴം രുചിക്കുവാൻ ആയി. നാവിൽ നീരരുവി ഉണ്ടാക്കുന്ന മധുരവും അതിനു അനുബന്ധം ആയി സ്വല്പം പുളിപ്പും....ആഹാ..... അവർ മുവരും കൊതി തീരുവോളം മാമ്പഴങ്ങൾ കഴിച്ചു... പെട്ടെന്ന് ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയ അവർ ഞെട്ടി പോയി... ഭാസ്കരൻ മാമൻ.... അവർ പെട്ടെന്ന് അവിടെ നിന്നും എഴുന്നേറ്റു ഓടാൻ ശ്രമിച്ചു. എന്നാൽ കുഞ്ഞു ലക്ഷ്മി ഒരു കല്ലിൽ തട്ടി മറിഞ്ഞു വീണു കൈ മുട്ട് മുറിഞ്ഞു.... ഭാസ്കരൻ മാമൻ ഓടി അവളുടെ അടുത്തേക്ക് വന്നു അവളെ പിടിച്ചു എഴുന്നേൽപ്പിച്ചു." നിനക്ക് കുഴപ്പം ഒന്നും ഇല്ലല്ലോ മോളെ" സ്നേഹത്തോടു കൂടെ ആ വലിയ മനുഷ്യൻ അവളോട് ചോദിച്ചു "നിങ്ങൾക്ക് മാമ്പഴം ഇഷ്ടമായെങ്കിൽ ഇനി മുതൽ വേലിയുടെ ഇടയിലൂടെ വരണ്ടാ.... മുന്നിലെ ഗേറ്റ് നിങ്ങക്ക് വേണ്ടി എപ്പോഴും തുറന്നു തന്നെ കിടക്കും" ഇത്രയും പറഞ്ഞിട്ട് ആ വലിയ മനുഷ്യൻ കുറേ പഴുത്ത മാമ്പഴങ്ങൾ പറിച്ചു അവർക്കു നൽകി. അദ്ദേഹത്തിനോട് നന്ദി പറഞ്ഞു അവർ മുവരും വേഗം അവരുടെ വീടുകളിലേക്ക് നടന്നു. ഭാസ്കരൻ മാമന്റെ സ്നേഹവും വാത്സല്യവും നിറഞ്ഞ മാമ്പഴങ്ങളും ആയി അപ്പുവിനോടും അച്ചുവിനോടും യാത്ര പറഞ്ഞു ലക്ഷ്മി തന്റെ വീട്ടിലേക്ക് ഓടി കയറി.

സൂര്യൻ ദൂരെ ചക്രവാളത്തിൽ അപ്പോഴേക്കും അസ്തമിച്ചു കഴിഞ്ഞിരുന്നു. പക്ഷികൾ തങ്ങളുടെ കൂടുകളിൽ ചേക്കേറിയിരിക്കുന്നു. വിടർന്നു സുന്ദരമായി നിന്ന പൂക്കൾ തങ്ങളുടെ ഇതളുകൾ അടച്ചു പതുക്കെ നിദ്രയിലേക്ക് വഴുതി വീണിരുന്നു. ലക്ഷ്മി ജനലിലൂടെ ദൂരേക്ക് നോക്കി. അപ്പുവും അച്ചുവും അവിടെ തന്നെയുണ്ട്. അവർ വീടിന്റെ മുന്നിൽ ഇരുന്നു മണ്ണ് കൊണ്ട് വീട് ഉണ്ടാക്കി കളിക്കുവാണ്... ദൂരെ ഭാസ്കരൻ മാമന്റെ തോട്ടവും കാണാം. ആരും കയറാതെ ഇരിക്കുവാൻ വേണ്ടി മുള്ളുള്ള കമ്പികൾ ഉപയോഗിച്ച് നല്ല ശക്തമായ വേലി നിർമിച്ചിരുന്നു.

ശീതളമായ ഒരു ഇളം കാറ്റ് കുഞ്ഞു ലക്ഷ്മിയുടെ അവളുടെ മുടിയിഴകളെ തഴുകി കടന്നു പോയി.

"ലക്ഷ്മി... സന്ധ്യനാമം ജപിക്കാൻ വാ", ദാ വരുന്നു അമ്മേ" അതു പറഞ്ഞിട്ട് ലക്ഷ്മി ഒന്നുകൂടെ ജനൽ വഴി ആ സുന്ദരമായ സ്വർഗ്ഗലോകത്തിലേക്കു ഉറ്റു നോക്കി... ഒരു ദീർഘ നിശ്വാസം എടുത്തു കൊണ്ട് അവൾ അവളുടെ കുഞ്ഞു വീൽചെയർ ശ്രമകരം ആയി തിരിച്ചു...എവിടെ നിന്നു ഒരു കണ്ണുനീർ തുള്ളി ആ കുഞ്ഞു കൺപീലികളിലൂടെ ഊർന്നു ഇറങ്ങി.





**ARAVIND. S**
2016 Batch

# പ്രണയമാം വാക്കുകൾ

ഇലകൾ മൂടിയ ഇടവഴിക്കരികിൽ
ഞാൻ അവളെയും കാത്തു നിന്നു.
ശീതമാം കാറ്റൊന്നെൻ മുടിയിഴകളിൽ
തൊട്ടു പാറി പറന്നങ്ങു പോയി
ദൂരെ പതിഞ്ഞൊരു കാലൊച്ച കേട്ടു
ഞാൻ കാതോർത്ത് അങ്ങിനെ നിന്നു
പരിചിതമാവും മധുരമാ സ്വരമൊന്നു
കേട്ടു ഞാൻ എല്ലാം മറന്നങ്ങു നിന്നു
നേർത്തൊരു പുഞ്ചിരി കവിളിലേ
നുണക്കുഴി പതിയെ അവൾ മുന്നിൽ വന്നു,
ഹൃദയത്തിൽ സൂക്ഷിച്ച കവിത
മറന്നു ഞാൻ മൂകനായി അവിടെ നിന്നു
എങ്കിലും സ്നേഹിതേ
നീ ഒന്ന് കേൾക്കുമോ എൻ ഹൃദയത്തിൽ
എഴുതിയ കാവ്യം
പ്രണയമാം വാക്കുകൾ ചൊല്ലുവാൻ
അറിയാതെ മെല്ലെ
ഞാൻ നടന്നകന്നു



**SANDRA MADHU**
Second Year BDS
2019 Batch

# മാറ്റം

കടലാസുകളിൽ ആരൊക്കെയാലോ രചിക്കപ്പെടുന്ന വാക്കുകൾക്ക് ലോകത്തിലോ, സമൂഹത്തിലോ, ഒരു വ്യക്തിയിലോ മാറ്റം സൃഷ്ടിയ്ക്കാൻ സാധിക്കുമോ?

അങ്ങനെയെങ്കിൽ ആവശ്യങ്ങൾക്കുമാത്രം പൊടിത്തട്ടിയെടുക്കുന്ന നിയമപുസ്തകത്തിന്റെ പല താളുകളും ചിതലരിക്കപ്പെടില്ലായിരുന്നു.. ലോകജനതയെ മുഴുവൻ കുറച്ചു നാളത്തേക്കെങ്കിലും മുൾമുനയിൽ നിർത്തിയ മഹാമാരിയെ ചെറുത്ത് നിൽക്കുമ്പോഴും മനസ്സുമരവിപ്പിക്കുന്ന പല വാർത്തകളും മാധ്യമങ്ങളിൽ ഇടംപിടിക്കില്ലായിരുന്നു. 'കൊറോണ എന്ന രോഗത്തെ ഇപ്പോൾ ആർക്കും ഭയമില്ല. എല്ലാവരും അവരവരെ കരുതി ജീവിക്കുക എന്നു നിരത്തിലിറങ്ങി പറയുന്ന നമ്മൾ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ എന്തിനെയാണ് ഭയപ്പെട്ടിട്ടുള്ളത്? പ്രളയം വന്നു, കൂടെ നിന്ന പലരും ഒഴുകിപ്പോയി, പുതിയ പുതിയ രോഗവസ്ഥകൾ ഉടലെടുക്കുന്നു അപ്പോഴും കൂടെ നിൽക്കുന്ന പലരും മാഞ്ഞുപോകും, ഞാനും എന്റെ ഇഷ്ടങ്ങളും സമ്പാദ്യവും കുടുംബവും ഇങ്ങനെ തന്നെ നിലനിൽക്കും ഇതാണ് നൂറ്റാണ്ടുകൾ പിന്നിട്ടു 2021ൽ വന്നുനിൽക്കുന്ന മാറ്റം.

2018 ജനുവരി 10നു ജമ്മുകശ്മീരിലെ കതുവാ എന്ന ഗ്രാമത്തിൽ ക്ഷേത്രത്തിനുള്ളിൽവെച്ചു ക്രൂരമായി കൊലചെയ്യപ്പെട്ട ബാലികയും, അതേ വർഷം തന്നെ ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥ ഉച്ചകോടിയിലൂടെ ലോകം മുഴുവൻകേട്ട ശബ്ദത്തിന്റെ ഉടമയായ സ്വീഡൻ സ്വദേശി ബാലികയും സമൂഹത്തിലെ വ്യത്യസ്തങ്ങളായ രണ്ടു മാറ്റങ്ങളുടെ ഉദാഹരണമാണ്. ഇവിടെ ദേശത്തെയോ, മതത്തെയോ, സമൂഹത്തെയോ വിമർശിക്കുകയല്ല മറിച്ച് ഒരിക്കലും അഴിഞ്ഞു വീഴാത്ത മുഖംമൂടികൾ സൃഷ്ടിച്ച മാറ്റങ്ങൾ ചൂണ്ടിക്കാട്ടുകയാണ്. നമുക്കിടയിൽ ഒന്നിനാലും വിവേചനമില്ല എന്നു അവകാശപ്പെടുമ്പോൾ തന്നെ നിറത്തിന്റെയും ജാതിയുടെയും മതത്തിന്റെയും വിദ്യാഭ്യാസയോഗ്യതയുടെയും പേരിൽ നിശബ്ദമായി മറയ്ക്കപ്പെട്ട ഒരായിരം (ചിലപ്പോൾ അതിലുപരി) നിഴലുകൾ ഉണ്ടാവും. അധികാരത്തിനും പ്രശംസക്കും തലക്കനം കൂടുതലുള്ള മണ്ണിൽ മാറ്റത്തിന്റെ വ്യാഖ്യാനം ഇത്തരത്തിൽ ആയതിൽ അത്ഭുതമില്ല.

മറ്റുള്ളവരുടെ തെറ്റുകൾ മാത്രം ഉയർത്തിക്കാട്ടുന്ന, തന്റേതുമാത്രമാണ് ഇവയെല്ലാം എന്നു സ്വയം വിശ്വസിക്കുന്ന, അയൽക്കാരൻ ആക്രമിക്കപ്പെടുകയോ പട്ടിണിയിലാഴുകയോ ചെയ്താൽ തനിക്ക് എന്താ, എന്നു ചിന്തിക്കുന്ന ഭൂരിപക്ഷത്തിനിടയിൽ വാക്കുകൾക്കൊണ്ട് ഒരു മാറ്റം സൃഷ്ടിക്കാൻ കഴിയുമെങ്കിൽ മറ്റുള്ളവപോലെ ഈ വാക്കുകളും ഇവിടെ കിടക്കട്ടെ...

ഭൂതകാലത്തിന്റെയും, ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെയും, ഒപ്പം നിൽക്കുന്നവന്റെ ഉള്ളിലെ നന്മയെയും ഉചിതമായി തിരിച്ചറിയാൻ പ്രാപ്തരാക്കുന്ന മാറ്റം, നിന്റെ ജാതി എന്തെന്നു ചോദിക്കുമ്പോൾ മുറ്റത്തുനിൽക്കുന്ന ജാതിമരം ചൂണ്ടികാണിക്കുവാൻ കഴിവുള്ള നിഷ്കളങ്കതയുടെ മാറ്റം, തിരിച്ചുകിട്ടാത്ത ഓരോ നിമിഷത്തെയും വിലപ്പെട്ടതായി കരുതി മറ്റുള്ളവരുടെ ഇരുട്ടിലും വെളിച്ചമാകാൻ കഴിയുന്ന മാറ്റം.

**By ARVIND. S**
2016 Batch



# കുസൃതി ചോദ്യങ്ങൾ

ചോദ്യം 1) പറയുമ്പോൾ നിറമൊന്ന്, പക്ഷെ കാണുമ്പോൾ നിറം ഇല്ല
ചോദ്യം 2) ഒരു സാധനം നമ്മൾ പൊട്ടുന്നത് നോക്കിയേ വാങ്ങുകയൊള്ളു. ഏതാണത്??
ചോദ്യം 3) കണ്ണുള്ളവർക്കും കണ്ണില്ലാത്തവർക്കും കാണാൻ പറ്റുന്നത്.
ചോദ്യം 4) നിമിഷ നേരം കൊണ്ട് കെട്ടാൻ പറ്റുന്ന കോട്ട
ചോദ്യം 5) Boys- ഇടത്തെ കയ്യിലും Girls വലത്തേ കൈയ്യിലും വാച്ച് കെട്ടുന്നത് എന്തിനു?
ചോദ്യം 6) തല കുത്തി നിന്നാൽ വലുതാവുന്നത് ആര്?
ചോദ്യം 7) ആരും ആഗ്രഹിക്കാത്ത പണം
ചോദ്യം 8) വെള്ളത്തിൽ വീണാൽ നനയാത്തത്
ചോദ്യം 9) തലയിൽ കാലു വെച്ചു നടക്കുന്ന ജീവി
ചോദ്യം 10) ആവശ്യം ഉള്ളപ്പോൾ വലിച്ചെറിയും, ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ചു വെയ്ക്കും

ഉത്തരം 1) 'പച്ച്' -വെള്ളം
ഉത്തരം 2) പടക്കം
ഉത്തരം 3) സ്വപ്നം
ഉത്തരം 4) 'മന'-കോട്ട
ഉത്തരം 5) സമയം നോക്കാൻ
ഉത്തരം 6) 6
ഉത്തരം 7) ആരോപണം
ഉത്തരം 8) നിഴൽ
ഉത്തരം 9) പേൻ
ഉത്തരം 10) മീൻവല



**SUHANA RAHMAN**
2018 Batch

# SOUL HIDDEN BOB

Crawling as a restless cutie
Sprouting the beautiful memories
Having the naughtiest time,
Fostering the moral values
Blooming into the beautiful rose
Enjoying the falls and downs
Taking more and more responsibility
Becoming less and less mature
Ramp walking as speechless beauty
In the bend of life, it rolls backs
Now moving with a walker briskly
Leaving behind not only worries
But also the sweetest memories
Reaching the second Childhood
Like a moving pendulum
Its bob moving to and fro
Its thinning thread
Bearing the soul of experience .
So, behold selfless love
Before vanishing into the world of peace



**SHIVADHATH R P**
2018 Batch

# LINGERING BURDEN

Lately, there's been a burden,
it's lingering inside.
Every step away from it,
heavily stutters my stride.
If you may climb within,
and buy me enough time,
I wish to succour my soul,
and slowly reclaim my mind.



**HANNA SUSAN SUBASH**
2014 Batch

# A Mother's Folly

The chords entangled her,
She couldn't break free.
Twisted and turned she did,
In a vain attempt to escape.
In the vast greedy ocean,
The monster that devours all,
She too fell a victim,
To the point of no return.
Addicted was she,
Gullible she was,
Time's younger sister Nature,
Became prey to her children.
So fatally obsessed was she,
Entrapped she lay,
She gave breath to human life,
Hoping each time for a change.
The Misfits, the Ordinary,
The Radicals, the Freaks,
All born in the same womb,
All raised with the same hope.
She was bountiful,
She was generous,
Each time she lost,
All the more she gave.
Her sons cut her by the base,
Pulled her off her roots,
But her patience stood evergreen,
But for how much longer?
All addiction has but a common end,
Hope Death spares his daughter,
Let her children return to their
Mother Nature,
To her embracing open arms.

**SHIVADHATH R P**
2018 Batch

# Malicious Thoughts

These thoughts lingering inside,
I wish that they would stop.
Flourishing like a parasite,
causing my brain to rot.
These thorns which persuade me
to finally let go.
The same ones which make
my eyes turn so sore.
But I do fear to lose it,
for it gave birth to these lines.
I know that this is life,
a vicious cycle full of lies.



**Dr.Deepu Leander**
Professor Department of Orthodontics

# SIGHT AND SOUND




Art gives a spiritual depth to existence. There are worlds bigger and deeper than music, paintings and books. You can bow before the countless works of man-from buildings to babies who fulfil your need for wonder. It's better to live your life as you believe it should be. Not as you are told by self-appointed guides. But every now and then some songs and movies come to your life leaving an indelible mark on your mind. Here is a list of such happenings ........ Sights

**1. Nayagan - Mani Rathnam**

Nayagan is probably one of the best movies made in Tamil (and may be in any Indian language). Apart from changing the very face of movie making in India, it had sent so many refreshing trends.

Nayagan is the story of a boy (Velu), who loses his father (a Trade Union leader) and runs away to Bombay, after assaulting the Police who kill his father. In Bombay he is brought up by a pious Muslim fisherman. By turn of events, Velu is pulled into committing Crime. Velu grows into a Don and slowly the power of it takes him to a different world, where he is in command, but he slowly loses his dear ones and it finally ends with his death at an old age, with a moral message that one who lives by the gun, dies by it. Kamal had given one of his best performances in this movie, for which he rightfully won the National Award for Best Actor. The Music of Illayaraja was the other high point of the movie, not to mention the magical touch of Manirathnam, who made a permanent name for himself after making Nayagan..

**2. Taxi Driver - Martin Scorsese**

"I'm God's lonely man," says Travis Bickle, played by Robert De Niro in one of his finest and most memorable performances. Travis, the protagonist of Taxi Driver, is severely out of his element in New York City, though it's hard to imagine where else he would fit in; he goes through life as if the world speaks a dialect unknown to him. Martin Scorsese place this isolated, potentially volatile man in New York City, depicted as a grimly stylized hell on Earth, where noise, filth, directionless rage surrounds him at all turns. When Travis attempts to transform himself into an avenging angel who will "wash some of the real scum off the street," his murder spree follows a terrible and inevitable logic. If De Niro produced one of film's most troubling portraits of a lost soul, Scorsese created a painfully vivid purgatory for him to live in.

**3. Paleri Manikyam: Oru Pathira Kolapathakthinte Katha - Ranjith**

Ranjith's take on the first recorded case of sexual harassment in Kerala history is rich visually as well as surreal in content. Detective Haridas (Mammootty) takes up a case just to satisfy his curiosity, not to find or punish the culprit, as

all the suspects in the case are dead. His purpose, which seems vague in the beginning, achieves clarity only halfway through the story. A plethora of characters make their entries and exits without giving the viewer any inkling as to where the story is headed. But every loose end is perfectly tied up in the end. Movie also has a subtext of a man-woman relationship and how most men have a streak of cruelty in them that becomes manifest in their dealings with women. In Director Ranjith's words: 'Just goes to show that time may have wrought many changes in our lifestyle and environment but not in man's basic nature'. Very rarely does a film far exceed our expectations. But director Ranjith's Magnum opus Paleri Manikyam: Oru Pathira Kolapathakathinte Katha does.

**4. American Beauty - Sam Mendes**

Sam Mendes made his motion picture debut with this film about the dark side of an American family, and about the nature and price of beauty in a culture obsessed with outward appearances. The movie tells the tale of Lester Burnham's (played by Kevin Spacey) final year of life keenly delves into the repressed desires, rampant materialism, skewed values, and gnawing insecurities lurking behind the crisply manicured lawns and meticulously decorated houses lining any suburban streets. Complementing the voiced desire for some kind of escape, Lester's and video voyeur Ricky Fitts' search for beauty in the mundane, whether in rose petal-strewn dreams or grainy images of a dancing bag, is given luminous life by stunning cinematography.

**5. The Shawshank Redemption - Frank Darabont**

Adapted from a Stephen King novella, The Shawshank Redemption takes a prison drama and twists it into a fascinating existential treatise on how to approach the business of day-to-day life in the face of a desperately harsh reality. As the film's tag line suggests, "Get busy livin' or get busy dyin'." Filmed on location in an Ohio prison, stellar performances by Morgan Freeman and Tim Robbins, Director Frank Darabont recreate the drudgery and hopelessness of prison life in both the look and the details of dreary rituals of daily life. Spanning twenty years in the lives of its protagonists, Darabont's screenplay and direction allow us the luxury of getting to know these men - hardened criminals, with little hope for the future.

## Sounds

**1.Redemption Song - Bob Marley**

